**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 44** **17-09-2025 - ൽ മറുപടിയ്ക്ക്**

**ദേശീയ സഹകരണ നയത്തിലെ വ്യവസ്ഥകള്‍**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ശശി,<br>ശ്രീ പി എസ് സുപാൽ,<br>ശ്രീ. ഇ കെ വിജയൻ,<br>ശ്രീ. പി. ബാലചന്ദ്രൻ** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | സഹകരണമേഖലയെ പൂർണ്ണമായും കേന്ദ്ര നിയന്ത്രണത്തിലാക്കാനുള്ള വ്യവസ്ഥകളുള്ള ദേശീയ സഹകരണ നയം കേന്ദ്ര സർക്കാർ പുറത്തിറക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | കേന്ദ്ര സർക്കാർ ദേശീയ സഹകരണ നയം പുറത്തിറക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>രാജ്യത്തെ സഹകരണ സംഘങ്ങളെ സമൂഹാധിഷ്ഠിത ജനാധിപത്യ സ്ഥാപനങ്ങളായി നിലനിർത്തിക്കൊണ്ട് സാമ്പത്തിക, സാമൂഹിക, ഉൽപ്പാദന മേഖലകളിൽ കൂടുതൽ പങ്കാളിത്തം ഉറപ്പാക്കുന്നതിനും സഹകരണ പ്രസ്ഥാനത്തെ ശക്തിപ്പെടുത്തുന്നതിനും ആധുനിക ആവശ്യങ്ങൾക്ക് അനുസൃതമായി രൂപപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയുമാണ് ദേശീയ സഹകരണ നയം കേന്ദ്ര സർക്കാർ പുറത്തിറക്കിയതെന്ന് കേന്ദ്ര സർക്കാർ പ്രസ്തുത നയത്തിൽ പ്രസ്താവിച്ചിട്ടുണ്ട്. |
| (ബി) | സംസ്ഥാനം കടുത്ത വിയോജിപ്പ് രേഖപ്പെടുത്തിയ ഏകീകൃത സോഫ്റ്റ്‌വെയർ സംവിധാനം ഉൾപ്പെടെയുള്ള നിർദേശങ്ങൾ ദേശീയ സഹകരണ നയത്തിലുൾപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ദേശീയ നയത്തിലെ അധ്യായം 3.2.5.1 വിവിധ തലങ്ങളിലുള്ള സഹകരണ ബാങ്കുകൾക്ക് ഏകീകൃത സോഫ്റ്റ് വെയർ സംവിധാനം നടപ്പിലാക്കും എന്ന് പരാമർശിച്ചിട്ടുണ്ട്. |
| (സി) | സഹകരണ സംഘങ്ങളെ വിവിധോദ്ദേശ്യ സഹകരണസംഘങ്ങളാക്കി മാറ്റാൻ ദേശീയ സഹകരണ നയത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | ഇന്ത്യയിലെ സഹകരണ പ്രസ്ഥാനത്തിന്റെ പ്രവർത്തനത്തിന് മാർഗ്ഗരേഖ എന്ന നിലയിൽ പ്രഖ്യാപിച്ചിട്ടുള്ള ദേശീയ സഹകരണ നയത്തിൽ (National Cooperative Policy) വിവിധോദ്ദേശ സഹകരണ സംഘങ്ങളുടെ രൂപീകരണത്തെ പ്രോത്സാഹിപ്പിക്കുന്ന വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ടി നയത്തിലെ അധ്യായം.4.1, സഹകരണ ബിസിനസ് ആവാസവ്യവസ്ഥയുടെ വികസനം പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളിൽ ഖണ്ഡിക 4.1.2. പ്രകാരം ഒരു വിവിധോദ്ദേശ പി.എ.സി.എസിനെ വളർച്ചാ ഉപാധിയായി കേന്ദ്രീകരിച്ച്, ഒരു ജില്ലയിൽ കുറഞ്ഞത് ഒരു മാതൃകാ സഹകരണ ഗ്രാമമെങ്കിലും വികസിപ്പിക്കാൻ സംസ്ഥാനങ്ങളെയും/ കേന്ദ്ര ഭരണ പ്രദേശങ്ങളെയും പ്രോത്സാഹിപ്പിക്കുക എന്ന് പരാമർശിച്ചിരിക്കുന്നു. വ്യത്യസ്ത ബിസിനസ്സ് ലക്ഷ്യങ്ങൾക്കായി നല്ല ഭരണവും ബിസിനസ്സ് മാനേജ്മെന്റ് രീതികളും വികസിപ്പിക്കുന്നതിന് മൾട്ടിപർപ്പസ് പി.എ.സി.എസിനെ പ്രോത്സാഹിപ്പിക്കും എന്നും നയത്തിൽ പ്രസ്താവിച്ചിരിക്കുന്നു. |
| (ഡി) | സഹകരണ സംഘങ്ങളെ കേന്ദ്ര സർക്കാരിന്റെ പദ്ധതികൾ നടപ്പാക്കാനുള്ള ഏജൻസികളാക്കി മാറ്റാൻ സഹകരണ നയത്തിൽ നീക്കമുണ്ടോ; വിശദമാക്കാമോ? | (ഡി) | ദേശീയ സഹകരണ നയത്തിൽ (National Cooperative Policy) സംസ്ഥാന സഹകരണ സംഘങ്ങളെ കേന്ദ്ര സർക്കാരിന്റെ പദ്ധതികൾ നടപ്പിലാക്കാനുള്ള ഏജൻസികളാക്കി മാറ്റാൻ വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ദേശീയ സഹകരണ നയത്തിലെ അധ്യായം.3 ലെ ഖണ്ഡിക 3.1.8 ൽ കേന്ദ്ര സർക്കാർ താഴെതട്ടിൽ നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ നിർവ്വഹണ ഏജൻസിയായി പി.എ.സി.എസ് കളെ ശക്തിപ്പെടുത്തും എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇത്തരം നടപടികൾ ഭരണഘടനയുടെ അന്തസത്തയ്ക്ക് വിരുദ്ധമാണ്. |

സെക്ഷൻ ഓഫീസർ